# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 377 25.06.2014 - ൽ മറുപടിയ്ക്ക്

## അവയവദാനം - നിലവിലുള്ള നിയമ വ്യവസ്ഥകൾ

| ചോദ്യം<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. പി. കെ. ബഷീർ<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. പി. ഉബൈദുള്ള | മറുപടി<br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) അവയവദാനം പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നയം വ്യക്തമാക്കുമോ; | (എ) അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്ത്, ജീവിച്ചിരിക്കുമ്പോഴും മരണശേഷവുമുള്ള അവയവദാന പദ്ധതികൾ നടത്തിവരുന്നു.<br>**ജീവിച്ചിരിക്കുമ്പോഴുള്ള അവയവദാനം**<br>(Live donation)<br>ജീവിച്ചിരിക്കുമ്പോഴുള്ള അവയവദാനത്തെ പ്രധാനമായും മനുഷ്യാവയവങ്ങൾ മാറ്റിവയ്ക്കൽ ആക്റ്റ് 1994 (Transplantation of human Organ Act 1994) പ്രകാരം മൂന്നായി തരം തിരിച്ചിരിക്കുന്നു. അതിൽ ആദ്യത്തേത് അടുത്ത ബന്ധുക്കൾക്ക് (ഭാര്യ, ഭർത്താവ്, രക്ഷാകർത്താവ്, സഹോദരങ്ങൾ, കൊച്ചുമക്കൾ) അവയവം നൽകാവുന്നതാണ്. രണ്ടാമത്തേതിൽ അടുത്ത ബന്ധുക്കൾ അല്ലാത്തവർക്കും അവയവം ദാനം ചെയ്യാവുന്നതാണ്. മൂന്നാമത്തേതിൽ പരോപകാര തല്പരരും നിസ്വാർത്ഥപരവുമായ വ്യക്തികളിൽ നിന്ന് അവയവം സ്വീകരിക്കാവുന്നതാണ്.<br>നിയമം അനുശാസിക്കുന്നതിൻ പ്രകാരമുള്ള അനുവാദം ലഭിച്ചാൽ മാത്രമേ ഈ പ്രക്രിയ നടക്കുകയുള്ളൂ<br>മരണാനന്തര അവയവദാനം<br>(Deceased Organ donation)<br>കേരള സംസ്ഥാന സർക്കാർ ആരോഗ്യ കുടുംബക്ഷേമവകുപ്പിന്റെ കീഴിൽ 2012-ൽ മസ്തിഷ്ക മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'മൃതസഞ്ജീവനി 'എന്ന പദ്ധതി നടപ്പിലാക്കി. |
| (ബി) ഇക്കാര്യത്തിൽ നിലവിലുള്ള നിയമ വ്യവസ്ഥകൾ വിശദമാക്കുമോ; | (ബി) ഇന്ത്യൻ പാർലമെന്റ് 1994 ൽ പാസ്സാക്കിയ Transplantation of Human Organ Act ഉം തുടർന്ന് പാർലമെന്റ് തന്നെ പാസ്സാക്കിയ നിയമഭേദഗതി-കളുമാണ് ഇതു സംബന്ധമായി സംസ്ഥാനത്ത് |

| | |
|---|---|
| | നിലവിലുള്ള നിയമവ്യവസ്ഥകൾ. ജീവിച്ചിരിക്കുമ്പോൾ ഒരു വ്യക്തി മസ്തിഷ്ക മരണാനന്തര അവയവദാനത്തിന് സമ്മതം നല്കിയിട്ടുണ്ടെങ്കിലും ആ വ്യക്തിയുടെ മരണശേഷം അടുത്ത ബന്ധുക്കളുടെ സമ്മതത്തോടുകൂടി മാത്രമേ അവയവദാനം സാധ്യമാവുകയുള്ളൂ. മസ്തിഷ്ക മരണാനന്തര അവയവദാനത്തിൽ മരണം സംഭവിച്ച വ്യക്തിയുടെ ബന്ധുക്കളുടെ സമ്മതമാണ് ഏറ്റവും പ്രധാനം. ഇതു കൂടാതെ 4 ഡോക്ടർമാർ അടങ്ങുന്ന ഒരു പാനൽ (Medical Administrative Incharge of the Hospital, Authorised Specialist, Neurologist/ Neuro Surgeon, Treating Physician) ആണ് മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നത്. ആറു മണിക്കൂർ ഇടവേളയിൽ 2 തവണയായി ആണ് ഈ ടെസ്റ്റ് നടത്തുന്നത്. മസ്തിഷ്കമരണം സംഭവിച്ച വ്യക്തികളുടെ അവയവ വിന്യാസം (Organ Allocation) G.O.(MS)No.36/2012/ H&FWD പ്രകാരമാണ് നടപ്പിലാക്കുന്നത്. ഇതിൻ പ്രകാരം എല്ലാ ട്രാൻസ് പ്ലാന്റ് ഹോസ്പിറ്റലുകളിലും എല്ലാ അവയവങ്ങളിന്മേലും വെയിറ്റിംഗ് ലിസ്റ്റ് ഉണ്ടായിരിക്കേണ്ടതാണ്. സ്വകാര്യ ആശുപത്രിയിൽ വച്ച് ഡൊണേഷൻ നടക്കുന്ന സാഹചര്യത്തിൽ ഒരു വൃക്ക ഡോണർ ഹോസ്പിറ്റലിനും മറ്റൊന്ന് ആ സോണിലെ ഗവൺമെന്റ് ഹോസ്പിറ്റലിനുമാണ്. കരൾ, ഹൃദയം എന്നീ അവയവങ്ങളുടെ വിന്യാസം rotation അടിസ്ഥാനത്തിൽ സ്വീകർത്താവിന്റെ ആരോഗ്യ സ്ഥിതിയും അടിയന്തിര സാഹചര്യവും കണക്കിലെടുത്താണ് നടപ്പിലാക്കുന്നത്. |
| (സി) അവയവദാന പ്രോത്സാഹനത്തിന് സർക്കാർ എന്തെങ്കിലും പരിപാടികൾ നടപ്പാക്കുന്നുണ്ടോ; | (സി) ജീവിച്ചിരിക്കുമ്പോഴുള്ള അവയവദാനത്തിന്റെ കാര്യത്തിൽ അടുത്ത ബന്ധുക്കളിൽ നിന്നുള്ളതു മാത്രമാണ് സർക്കാർ കൂടുതലായും പ്രോത്സാഹിപ്പിക്കുന്നത്.<br>മരണാനന്തര അവയവദാനം പ്രോത്സാഹിപ്പി-ക്കുന്നതിനായി കേരള സംസ്ഥാന സർക്കാർ ആരോഗ്യ കുടുംബക്ഷേമവകുപ്പിന്റെ കീഴിൽ 2012-ൽ മസ്തിഷ്ക മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'മൃതസഞ്ജീവനി 'എന്ന പദ്ധതി നടപ്പിലാക്കി. മൃതസഞ്ജീവനിയുടെ സംസ്ഥാനതല ആഫീസ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തിച്ചും വരുന്നു. 'മൃതസഞ്ജീവനി 'www.knos.org.in എന്ന പേരിൽ ഒരു വെബ്സൈറ്റും ആരംഭിച്ചു. മരണാനന്തര അവയവദാനത്തിന് തയ്യാറാകുന്നവർക്ക് വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇതുകൂടാതെ മൃതസഞ്ജീവനിയുടെ ആഫീസ് മുഖാന്തിരവും അവയവദാന സമ്മതപത്രം സമർപ്പിക്കാവുന്നതാണ്. പൊതു സമൂഹത്തിൽ |

| | |
|---|---|
| | അവയവദാന ബോധവൽക്കരണം നടത്തുന്നതിനായി സെമിനാറുകൾ, ശില്പശാലകൾ മെഡിക്കൽ, പാരാമെഡിക്കൽ സ്റ്റാഫിന് പരിശീലന പരിപാടികൾ എന്നിവ നടത്തിവരുന്നു. |
| (ഡി) അവയവദാന പ്രോത്സാഹനത്തിന്റെ മറവിൽ ചൂഷണം ഉണ്ടാകാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ നിയമത്തിൽ ഉണ്ടെന്നും അതു നിരീക്ഷിക്കാനുള്ള സംവിധാനമെന്തെന്നും വ്യക്തമാക്കുമോ? | (ഡി) 1994 ലെ മനുഷ്യാവയവങ്ങൾ മാറ്റിവയ്ക്കൽ ആക്റ്റ് പ്രകാരം സ്വീകർത്താവ്, ദാതാവ്, ദാതാവിന്റെ ബന്ധുക്കൾ എന്നിവർ അവയവമാറ്റിവെയ്ക്കലിനായി നിശ്ചയിച്ചിട്ടുള്ള ആതറൈസേഷൻ കമ്മിറ്റി മുമ്പാകെ ഹാജരാകേണ്ടതാണ്. ഇവിടെ നിന്നും അനുവാദം ലഭിച്ചാൽ മാത്രമേ അവയവദാനം സാധ്യമാവുകയുള്ളു. നിയമം അനുശാസിക്കുന്ന വ്യവസ്ഥകൾ പാലിക്കേണ്ടത് അത്യാവശ്യമാണ്.<br><br>അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നിരീക്ഷിക്കുന്നതിനുള്ള സർക്കാർ സംവിധാനമാണ് ആതറൈസേഷൻ കമ്മിറ്റി. സംസ്ഥാനത്തെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾ ആസ്ഥാനമായാണ് മേഖലാ ആതറൈസേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. ആതറൈസേഷൻ കമ്മിറ്റിയുടെ പ്രധാന ഉത്തരവാദിത്തങ്ങൾ താഴെപറയുന്നവയാണ്.<br><br>• അടുത്ത ബന്ധുക്കളിൽ നിന്നുള്ള അവയവ ദാനത്തിൽ ദാതാവും സ്വീകർത്താവും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന രേഖകൾ കമ്മിറ്റി പരിശോധിക്കുന്നതാണ്.<br><br>• അടുത്ത ബന്ധുക്കളിൽ നിന്നല്ലാത്ത അവയവ ദാനത്തിൽ ഏതെങ്കിലും രീതിയിൽ ചൂഷണമോ വാണിജ്യമോ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നു. അതോടൊപ്പം അവയവദാനം ചെയ്യുന്നതിന് ഉണ്ടായ പ്രേരണ, സാഹചര്യം ഇവ നിസ്വാർത്ഥമാണോ എന്ന് പരിശോധിക്കുന്നു. ഇതോടൊപ്പം ദാതാവ്, സ്വീകർത്താവ് എന്നിവരുടെ തൊഴിൽ, വരുമാനം എന്നിവ, അടുത്ത ബന്ധുവിന്റെ സാന്നിധ്യം ഉറപ്പാക്കുക, ഇടനിലക്കാർ ഉൾപ്പെട്ടിട്ടില്ല എന്നും ഉറപ്പാക്കുക.<br><br>• ദാതാവ് അല്ലെങ്കിൽ സ്വീകർത്താവ്, വിദേശി ആണെങ്കിൽ എംബസിയിൽ നിന്നുള്ള രേഖകൾ പരിശോധിക്കുന്നു. ദാതാവും സ്വീകർത്താവും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന രേഖകൾ കമ്മിറ്റി പരിശോധിക്കുന്നു. |

സെക്ഷൻ ഓഫീസർ